**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യിലെ സോഫ്റ്റ്‌വെയറുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്. ഇ.ബി. യിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾക്ക് സുരക്ഷാ പ്രശ്നങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടില്ല. |
| (ബി) | കെ.എസ്. ഇ.ബി.യിലെ ആഭ്യന്തര ഉല്പന്നങ്ങളായ സോഫ്റ്റ്‌വെയറുകൾക്ക് വേണ്ടത്ര സുരക്ഷാ മാനദണ്ഡങ്ങളില്ലെന്നും പ്രോഗ്രാം കോഡിംഗിലെ പോരായ്മകളെ ദുരുപയോഗം ചെയ്യാമെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. സൈബർ സെക്യൂരിറ്റി ഓഡിറ്റ് എല്ലാ സോഫ്റ്റ്‌വെയറുകൾക്കും നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് പുറത്തുനിന്നുള്ളവർ കെ.എസ്. ഇ.ബി. ഉപഭോക്താക്കളുടെ വിവരം ചോർത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം തട്ടിയെടുക്കുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ഇലക്ട്രോണിക് പേയ്മെന്റ് സൗകര്യ പ്രദവും ആയാസ രഹിതവും ആയി നടത്താനായി മൊബൈൽ നമ്പർ ഉപയോഗിച്ച് പേയ്മെന്റ് നടത്തുവാനും ഇത്തരത്തിൽ പേയ്മെന്റ് നടത്തിയ ഉപഭോക്തൃ നമ്പറുകൾ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കാവുന്ന രീതിയും ക്രമീകരിച്ചിരുന്നു. കോവിഡ് കാലത്ത് ഒട്ടനവധി ഉപഭോക്താക്കൾ ഈ സൗകര്യം ഉപയോഗിച്ച് ഓൺലൈൻ പേയ്മെന്റുകൾ നടത്തിയിരുന്നു. അങ്ങനെ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ചില തട്ടിപ്പുകാർ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉപഭോക്താക്കളെ ബന്ധപ്പെട്ട് കബളിപ്പിക്കാൻ ശ്രമിച്ചതായി ചില പരാതികൾ ലഭിച്ചിരുന്നു. ഇത്തരം പരാതികളിന്മേൽ സംസ്ഥാന പോലീസിന്റെ സൈബർ വിഭാഗം അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | എങ്കിൽ ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് സൈബർ പോലീസ് അന്വേഷണം നടത്തി വരികയാണ്. ആയതിൽ സുരക്ഷ വർദ്ധിപ്പിക്കലും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ